# സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ്

കോഴിക്കോട്: ഇരുപത്തി ഒന്നാമത് കോഴിക്കോട് ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ നടക്കും. സംസ്ഥാന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽ നിന്നും തെരഞ്ഞെടുക്കും.

രജിസ്ട്രേഷൻ പൂർത്തീകരിച്ച ടീമുകൾ കാലത്ത് 9 ന് റിപ്പോർട്ട് ചെയ്യണമെന്ന് ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അറിയിച്ചു. വിവരങ്ങൾക്ക്: 9562848568.



ജില്ലാ സബ്ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായ വടകര സെൻറ് ആന്റണീസ് ഹൈസ്കൂൾ ടീമിന് കബീർ സലാല ട്രോഫി സമ്മാനിക്കുന്നു

# നയൻസ് സ്ട്രൈക്കേഴ്സ് അക്കാദമിയും സെന്റ് ആന്റണീസ് സ്കൂളും ജേതാക്കൾ

കോഴിക്കോട്: കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ നടന്ന ജില്ലാ സബ്ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ എളേറ്റിൽ എം.ജെ.എച്ച്.എസ്.എസിനെ 4–1 ന് പരാജയപ്പെടുത്തി നയൻ സ്ട്രൈക്കേഴ്സ് സ്പോർട്സ് അക്കാദമിയും പെൺകുട്ടികളുടെ വിഭാഗത്തിൽ ഡയമണ്ട് ഫീൽഡേഴ്സ് മലബാറിനെ 6–3 ന് പരാജയപ്പെടുത്തി വടകര സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളും ജേതാക്കളായി. ഇരു വിഭാഗങ്ങളിലും യഥാക്രമം മടവൂർ സ്പോർട്സ് അക്കാദമിയും പെരുമണ്ണ ഇ.എം.എസ്.ജി.എച്ച്.എസും മൂന്നാം സ്ഥാനം കരസ്ഥമാക്കി. സമാപന ചടങ്ങിൽ ലോക കേരള സഭാംഗം പി.കെ കബീർ (സലാല) ട്രോഫി സമ്മാനിച്ചു. ജില്ലാ ബേസ്ബോൾ അസോസിയേഷൻ സെക്രട്ടറി അനീസ് മടവൂർ അധ്യക്ഷത വഹിച്ചു. പി.എം എഡ്വേർഡ്, കെ.അബ്ദുൽ മുജീബ്, ടി.യു ആദർശ്, ഫാരിസ് എളേറ്റിൽ, ബെന്നി, കെ. അക്ഷയ്, വിപിൽ വി ഗോപാൽ, ആകാശ് സംസാരിച്ചു.

Kozhikode Edition
Jan 29, 2025 Page No. 2
Powered by: erelego.com